**No. CEE/ /1155/B.Des-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം 2021 ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ സൗകര്യം ആരംഭിച്ചു.

2021–ലെ ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേക്കുള്ള നടപടിക്രമങ്ങൾ **10.11.2021**–ന് ആരംഭിച്ചു. ഈ അലോട്ട്മെന്റ് ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന അവസാന അലോട്ട്മെന്റ് ആയിരിക്കും. ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനുമുള്ള സൗകര്യം **10.11.2021 മുതൽ 14.11.2021, വൈകിട്ട് 5.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'candidate portal' ൽ ലഭ്യമാണ്.

ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കാനും / ആവശ്യമില്ലാത്തവ റദ്ദാക്കാനും സൗകര്യം ഉണ്ടായിരിക്കും. ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ആദ്യഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**. ഒന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ ഒന്നാംഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

**14.11.2021 വൈകിട്ട് 5.00 മണി വരെ** ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് 16.11.2021 ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) **17.11.2021 മുതൽ 20.11.2021** വരെയുള്ള തീയതികളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഒടുക്കി **20.11.2021 വൈകുന്നേരം 4.00 മണിക്ക്** മുൻപായി പ്രവേശനം നേടേണ്ടതാണ്.

**2021 നവംബർ 20–ാം തീയതി 4.00** മണിയ്ക്കുള്ളിൽ ഫീസ് ഒടുക്കി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

**ഹെൽപ്‌ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.11.2021